6

# ഗുരുപ്രണാമം

**പ്രൊഫ. എസ്.രുഗ്മിണി ഗോപാലകൃഷ്ണൻ**



*പാലക്കാട് ചെമ്പൈ മെമ്മോറിയൽ ഗവ. മ്യൂസിക് കോളേജിൽ പ്രിൻസിപ്പലായിരുന്ന ലേഖിക സംഗീത രത്ന, വീണാ വാദനശാസ്ത്രജ്ഞ എന്നീ ബഹുമതികൾ നേടിയിട്ടുണ്ട്. എ-ടോപ്പ് ഗ്രേഡ് വീണാ ആർട്ടിസ്റ്റാണ്.*

എന്നെ വായ്പ്പാട്ടും വീണയും പറിപ്പിച്ച എല്ലാ ഗുരുക്കന്മാർക്കും എന്റെ വിനീത നമസ്കാരം അർപ്പിച്ചുകൊള്ളട്ടെ. ഞാൻ ഏറ്റവും ബഹുമാനിക്കുന്ന ശ്രേഷ്ഠനായ ഗുരുവര്യൻ പത്മഭൂഷൺ സംഗീതകലാനിധി കെ.എസ്.നാരായണസ്വാമി സാർ അവർകളെപ്പറ്റി എനിക്ക് ഒരുപാട് അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ട്. അതിനെക്കുറിച്ച് എത്ര എഴുതിയാലും എനിക്ക് മതിയാവില്ല. എന്നാലും പ്രധാനം ചില അനുഭവങ്ങളെക്കുറിച്ച് എഴുതാൻ ഞാൻ ശ്രമിക്കുന്നു.

എന്റെ പൂജ്യഗുരുനാഥൻ, ശ്രീ. കെ.എസ്. നാരായണസ്വാമി സാർ ഒരു സംഗീതകുടുംബത്തിൽ 1914-ൽ പാലക്കാട്ടു ജില്ലയിൽ കൊടുവായൂരിൽ ശിവരാമ അയ്യർ - നാരായണി അമ്മാൾ ദമ്പതികളുടെ പുത്രനായി ജനിച്ചു. അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരൻ ശ്രീ കൃഷ്ണയ്യരിൽ നിന്നും ഏഴാമത്തെ വയസിൽ സംഗീതം പഠിക്കാൻ ആരംഭിച്ചു. 14 വയസ്സു വരെ അത് തുടർന്നു. അദ്ദേഹത്തിന്റെ അപാരമായ സ്വരജ്ഞാനം ചെറുപ്രായത്തിൽ തന്നെ പ്രകടമായിരുന്നു. വിദ്വാന്മാർ അദ്ദേഹത്തിന്റെ പ്രതിഭ അന്നേ തിരിച്ചറിയുകയും ചെയ്തു. സാർ തന്റെ മറ്റൊരു ജ്യേഷ്ഠനായ ഗോവിന്ദസ്വാമി അയ്യർ സാറിനെ അണ്ണാമലൈ സർവ്വകലാശാലയിൽ വായ്പ്പാട്ടുവിഭാഗത്തിൽ പഠിക്കാൻ ചേർത്തു. അദ്ദേഹം വായ്പ്പാട്ടു വിഭാഗത്തിലെ ആദ്യബാച്ചിലെ വിദ്യാർത്ഥിയായിരുന്നു. അവിടെ മഹാവിദ്വാന്മാരായ സംഗീത കലാനിധി ശ്രീ.പൊന്നയ്യാപിള്ളൈ, ദേശമംഗലം സുബ്രഹ്മണ്യ അയ്യർ എന്നിവരിൽ നിന്നും വായ്പ്പാട്ട് പ്രധാനവിഷയമായും വീണാ-മൃദംഗം എന്നിവ സബ്സിഡിയറിയായും പഠിച്ചു. നല്ല രീതിയിൽ പാസ്സായ ഉടനെ അദ്ദേഹം സംഗീതക്കച്ചേരികൾ അവതരിപ്പിച്ചുതുടങ്ങിയെങ്കിലും കണ്ഠത്തിലുണ്ടായ അസ്വാസ്ഥ്യം മൂലം വീണാവാദനം കൂടുതൽ സാധകം ചെയ്തു തുടങ്ങി. ഒരു തനതു ശൈലി രൂപപ്പെടുത്തി വീണക്കച്ചേരികൾ ചെയ്തു തുടങ്ങി.

എന്റെ ജീവിതത്തിലെ മഹാഭാഗ്യമാണ് ശ്രീ. കെ.എസ്.എൻ. സാറിനെ ഗുരുവായി ലഭിച്ചത്. ഓരോരോ മേഖലയിലും ആഴത്തിലുള്ള അറിവുള്ളവർ ഏറെയുണ്ടാവും. അതായത് സംഗീതത്തിൽ താളം, സംഗീത ശാസ്ത്രം, ജ്ഞാനം, ഭാവം, ചിട്ടയായിട്ടുള്ള വായനാരീതി ഇതൊക്കെയുണ്ടാവും. പക്ഷേ ആ അറിവ് പൂർണ്ണതയോടെയും ആത്മാർത്ഥതയോടെയും ശിഷ്യന്മാർക്ക് പകർന്നുകൊടുക്കാൻ കഴിവുള്ള ഗുരുക്കന്മാർ വളരെ കുറവായിരിക്കും.

അദ്ദേഹം ശാസ്ത്രീയ രീതിയിൽ നിന്നു കടുകിടെ വ്യതിചലിക്കാതെ ചിട്ടപ്പെടുത്തി വായിച്ചതും എന്നെപ്പോലെയുള്ള ശിഷ്യരെ പഠിപ്പിച്ചതും എത്ര ജന്മമെടുത്താലും എനിക്ക് നന്ദിയോടെ മാത്രമേ

**എന്റെ ജീവിതത്തിലെ മഹാഭാഗ്യമാണ് ശ്രീ. കെ.എസ്.എൻ. സാറിനെ ഗുരുവായി ലഭിച്ചത്. ഓരോരോ മേഖലയിലും ആഴത്തിലുള്ള അറിവുള്ളവർ ഏറെയുണ്ടാവും, അതായത് സംഗീതത്തിൽ താളം, സംഗീത ശാസ്ത്രം, ജ്ഞാനം, ഭാവം, ചിട്ടയായിട്ടുള്ള വായനാരീതി ഇതൊക്കെയുണ്ടാവും. പക്ഷേ ആ അറിവ് പൂർണ്ണതയോടെയും ആത്മാർത്ഥതയോടെയും ശിഷ്യന്മാർക്ക് പകർന്നുകൊടുക്കാൻ കഴിവുള്ള ഗുരുക്കന്മാർ വളരെ കുറവായിരിക്കും.**

ഓർക്കാൻ കഴിയൂ. എന്റെ ഗുരുനാഥന്റെ ശൈലി വളരെയേറെ വിശേഷപ്പെട്ടതാണ്. മീട്ട് വളരെക്കുറവും വായ്പ്പാട്ടിൽ പാടിയാൽ എത്ര സുഖപ്രദമായി നമുക്ക് ആസ്വദിക്കാൻ കഴിയുമോ, അതേപടി വീണ വായിക്കുമ്പോൾ നമുക്ക് ആസ്വദിക്കാൻ കഴിയുന്നതുമാണ്. കാരണം, സമ്പ്രദായ ശുദ്ധമായ പാഠാന്തരവും വളരെ ലളിതമായ രിതീയിലുള്ള ഗമകപ്രയോഗവുമാണ്.

വിരലടി പ്രയോഗം അത്യാവശ്യം വേണ്ട സ്ഥലത്തിലും പ്രയോഗിക്കാവുന്ന രീതിയിലാണ് അദ്ദേഹത്തിന്റെ വായനാശൈലി. അതുകൊണ്ട് ശിഷ്യന്മാർക്ക് ഭാവിയിൽ സാറിന്റെ ശുദ്ധമായ ശൈലിയിൽ തുടരാൻ ബുദ്ധിമുട്ടുണ്ടാവാൻ ഇടയില്ലതാനും.

സ്വാതി തിരുനാൾ അക്കാഡമിയിൽ സാറിന്റെ ശിഷ്യയായിരുന്നു ഞാൻ. കേന്ദ്ര സാംസ്ക്കാരിക വകുപ്പിന്റെ സ്കോളർഷിപ്പ് ഫോറം പൂരിപ്പിക്കുമ്പോൾ മൂന്ന് ഗുരുക്കന്മാരുടെ പേര് എഴുതണം എന്നൊരു കോളം ഉണ്ടായിരുന്നു. പക്ഷേ ഞാൻ ശ്രീ. കെ.എസ്.എൻ. സാറിന്റെ പേരുമാത്രമേ എഴുതി അയച്ചുള്ളൂ. പകരം വയ്ക്കാൻ മറ്റൊരാൾ ഇല്ലാത്ത ഗുരുനാഥനാണ് ശ്രീ.കെ.എസ്.എൻ. സാർ. എനിക്ക് ഏറ്റവും ബഹുമാനപ്പെട്ട ഗുരുനാഥനായതുകൊണ്ടാവാം വീണ എന്ന സരസ്വതി വാദ്യം പഠിക്കുകയാണെങ്കിൽ ശ്രീ. കെ.എസ്.എൻ. സാറിൽ നിന്നു മാത്രമാവണം എന്ന ഉറച്ച വിശ്വാസമാണ് എനിക്കുള്ളത്. 1954-1956-ൽ കേന്ദ്രസാംസ്കാരിക വകുപ്പിന്റെ സ്കോളർഷിപ്പ് എനിക്ക് കിട്ടി. സാറിന്റെ ശിക്ഷണം കിട്ടിയതിൽ നിന്നും എനിക്ക് സംഗീതത്തിന്റെ എത്രയോ ഉയർന്ന വശങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. ചുരുക്കി പറഞ്ഞാൽ ആർഭാടമില്ലാത്ത, കേൾക്കാൻ ദൈവീകമായ, ഒരു വീണാ നാദമാണ് അദ്ദേഹം തന്റെ വീണാവായനയിൽക്കൂടി എന്നെ പഠിപ്പിച്ചതെന്ന് ഓർക്കുമ്പോൾ ഞാൻ കൃതാർത്ഥയാകുന്നു. അതുകൊണ്ട് എന്റെ ഗുരുനാഥനല്ലാതെ മറ്റൊരാളെ എനിക്ക് ചിന്തിക്കാൻപോലും പറ്റില്ല.

1946-ൽ തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ അക്കാഡമിയിൽ വീണാവിഭാഗം ആരംഭിച്ചപ്പോൾ ബഹുമാനപ്പെട്ട തിരുവിതാംകൂർ മഹാറാണി തിരുമനസ്സ് അവർകൾ സാറിനെ ക്ഷണിച്ചു വരുത്തി വീണാവിഭാഗമേധാവിയാക്കി. 1970 വരെ വീണാവിഭാഗമേധാവിയായും 1970-ൽ പ്രിൻസിപ്പാൾ ആയും സേവനം അനുഷ്ഠിച്ച് സർവ്വീസിൽ നിന്നും വിരമിച്ചു. വിരമിച്ച ഉടൻതന്നെ ബോംബെ ഷൺമുഖാനന്ദ ഫൈൻ ആർട്സ് സഭയിൽ പ്രിൻസിപ്പാളായി ചാർജ്ജെടുത്തു. അവിടെ 15 കൊല്ലം പ്രിൻസിപ്പാളായി സേവനം അനുഷ്ഠിച്ചു. തിരുവനന്തപുരത്തിലും ബോംബെയിലും അദ്ദേഹത്തിന് അനവധി ശിഷ്യ സമ്പത്തുണ്ടായിരുന്നു.

1954-ൽ യു.എസ്.എസ്.ആർ. തുടങ്ങിയ പല വിദേശരാജ്യങ്ങളിലും മറ്റും അദ്ദേഹം കൾച്ചറൽ എഡ്യൂക്കേഷനിൽ അംഗമായിട്ട് പര്യടനം നടത്തി.

1970-ൽ ശ്രീ യഹൂദിമെനുഹിന്റെ ക്ഷണം സ്വീകരിച്ച് ലണ്ടൻ, ബ്രിസ്റ്റൽ, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, ബർമിംഹാം മതുലായ സ്ഥലങ്ങളിൽ മ്യൂസിക് ഫെസ്റ്റിവലിൽ പങ്കെടുത്തു.

1974-ൽ ഇന്റർനാഷണൽ സൊസൈറ്റി ഓഫ് മ്യൂസിക് എഡ്യൂക്കേഷന്റെ ആഭിമുഖ്യത്തിൽ ലെവന്ത് കോൺഫറൻസിൽ ഓസ്ട്രേലിയയിലെ പെർത്തിൽ ശാസ്ത്രീ യ സംഗീത ക്ലാസ്സുകൾ നടത്തുകയും ചെയ്തു. 1977-ൽ ബർലിനിൽ ഇന്ത്യൻ മ്യൂസിക് ആന്റ് ഡാൻസ് ഫെസ്റ്റിവലിൽ പങ്കെടുക്കുകയും ചെയ്തു.

ആകാശവാണിയിൽ എ-ടോപ്പ് ഗ്രേഡ് വീണാ ആർട്ടിസ്റ്റായിരുന്ന അദ്ദേഹം ഒട്ടേറെ നാഷണൽ പ്രോഗ്രാമുകളും സംഗീതസമ്മേളന കച്ചേരികളും വായിച്ചിട്ടുണ്ട്. നവരാത്രി മണ്ഡപത്തിൽ തുടർച്ചയായി പല വർഷങ്ങൾ വീണക്കച്ചേരി അവതരിപ്പിച്ചിരുന്നു. സാറിന്റെ ഭാര്യ ശ്രീമതി ചെല്ലമ്മാൾ സുമുഖിയും സ്നേഹമയിയും ആയിരുന്നു. സാർ മരിക്കും മുമ്പേ അവർ ശിവലോകപ്രാപ്തി അടഞ്ഞു. ഏക മകൻ ശിവരാമൻ അഞ്ചുകൊല്ലം മുൻപ് മരിച്ചു.

എന്റെ അഭിപ്രായത്തിൽ ഗുരുവിന്റെ ഉത്തരവാദിത്വം കടുത്തതാണ്. ഒരു ഗുരുവിന് പ്രധാനമായി വേണ്ടത് ക്ഷമയാണ്. സാർ തൻെറ ശിഷ്യരോട് ഒരിക്കലും ദേഷ്യപ്പെട്ടതായി എന്റെ അനുഭവത്തിൽ കണ്ടിട്ടില്ല. പല പ്രാവശ്യം ആവർത്തിച്ച് വായിച്ചു പഠിപ്പിക്കും. എന്നിട്ടും അവർ വായിച്ചു പഠിച്ചില്ല എങ്കിൽ സാർ ഒരു ചിരി ചിരിക്കും. പിന്നെ "എന്താ വരുന്നില്ലേ? ശരി, വിട്ടേക്കൂ" എന്നു മാത്രം പറയും. കോപം വന്ന് ശിഷ്യന്മാരെ ശകാരിക്കുക, ശാസിക്കുക ഇതൊന്നും സാറിന്റെ രീതിയല്ല. വളരെ ശാന്ത സ്വഭാവക്കാരനാണ് സാർ. സാറിന്റെ ശിഷ്യന്മാർ ആരെങ്കിലും റേഡിയോയിൽ ഉച്ചയ്ക്ക് അര മണിക്കൂർ പ്രോഗ്രാം വായിച്ചാൽ വീട്ടിൽ പോയി വളരെ ശ്രദ്ധയോടു കൂടി സാർ കേൾക്കും. പക്ഷേ അതിനെപ്പറ്റി അഭിപ്രായങ്ങളൊന്നും തന്നെ പറയാറില്ല. സാറിന്റെ വീട്ടിൽ ഏതു വിശേഷം വന്നാലും ഞാൻ കോലമിടും, വിളമ്പും ഇലയെടുത്തു തുടയ്ക്കും. സാറിന്റെ ചേട്ടന്റെ മകൾ ഡോക്ടർ ലളിത എന്റെ സുഹൃത്തും ശിഷ്യയുമാണ്. ഞങ്ങൾ രണ്ടുപേരുമാണ് മേൽപ്പറഞ്ഞ ജോലികൾ ചെയ്യുക.

ഒരു പ്രധാനപ്പെട്ട കാര്യം കൂടി എനിക്ക് പറയേണ്ടിയിരിക്കുന്നു. സാറിന്റെ ചേട്ടന്റെ മകൻ ശ്രീ. കെ.കെ. ശിവരാമയ്യർ സാർ അവർകളെ എന്റെ ജീവിതകാലം മുഴുവനും നന്ദിയോടുകൂടി സ്മരിക്കും. ശ്രീ. കെ.കെ.എസ്. സാർ അവർകളും എന്നെ ഒരുപാട് പഠിപ്പിച്ചിട്ടുണ്ട്. രണ്ടു ഗുരുക്കന്മാരും പഠിപ്പിക്കുന്നതിൽ അതി വിദഗ്ധരാണ്. ശ്രീ. കെ.കെ.എസ്. സാർ ശ്രീ. കെ.എസ്. എൻ. സാർ അവർകളുടെ മകനായിട്ടും ശിഷ്യനായിട്ടും ജീവിതകാലം മുഴുവനും സാറിന്റെ കൂടെ താമസിച്ച് പലകച്ചേരികളിലും വായിച്ചിരുന്നു. സംഗീത ശാസ്ത്രത്തിൽ അതി വിദഗ്ധന്മാരായ ആ മഹാഗുരുക്കന്മാരിൽനിന്നും ശിക്ഷണം നേടിയ ശിഷ്യന്മാർക്ക് ശാസ്ത്രീയമായ ഘടകങ്ങളിൽ തെറ്റുകൾ ഒരിക്കലും വരില്ല എന്നുള്ളത് ഉറപ്പാണ്.

ശ്രീ. കെ.എസ്. നാരായണസ്വാമിസാർ 84-ാമത്തെ വയസ്സിൽ 09-12-1999ൽ ഭഗവാനിൽ ലയിച്ചു. എന്നിരുന്നാലും ആ മഹത്തായ വീണാനാദം സംഗീത പ്രേമികളുടെ ഹൃദയത്തിൽ ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നു.

എന്റെ ഗുരുനാഥൻ ശ്രീ.കെ.എസ്. നാരായണസ്വാമി സാറിന്റെ അനുഗ്രഹാശിസ്സുകൾ എന്നും എനിക്ക് കിട്ടട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●

